പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**പി.എം.ജി.എസ്.വൈ പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3205 16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 2010 മെയ് മാസത്തിനു ശേഷം പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന ചങ്ങരോത്ത്, ചക്കിട്ടപാറ, കൂത്താളി, പേരാമ്പ്ര, മേപ്പയ്യൂർ, തുറയൂർ, അരിക്കുളം, ചെറുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ നവീകരിക്കാൻ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു എന്നും പ്രസ്തുത ഓരോ പ്രവൃത്തിക്കും എന്തു തുക വീതമാണ് അനുവദിച്ചതെന്നും അവ ഓരോന്നിന്റെയും നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതുതായി തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ? | (ബി) | പേരാമ്പ്ര ബ്ലോക്കിലെ നൊച്ചാട് പഞ്ചായത്തിൽ ഉൾപ്പെട്ട 4.6 കി.മീറ്റർ നീളം വരുന്ന വല്ല്യകോട്-മുളയങ്കൽ റോഡാണ് പി.എം.ജി.എസ്.വൈ.-II പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതുതായി തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| പ്രവൃത്തിയുടെ പേര് | നീളം (കി.മീ) | അനുവദിച്ച തുക (ലക്ഷത്തിൽ) | നിർമ്മാണ ഘട്ടം | പഞ്ചായത്ത് |
|---|---|---|---|---|
| നരിനട തോണിക്കടവ് KR-08-47 | 1.200 | 124.75 | GSB പ്രവൃത്തി നടന്നുവരുന്നു. | ചക്കിട്ടപ്പാറ |
| പുഴിത്തോട് മാവട്ടം KR-08-54 | 1.650 | 156.79 | 1 കി.മീ G2 പൂർത്തീകരിച്ചു ബാക്കി പ്രവൃത്തിയിൽ ഫോർമേഷൻ നടന്നു വരുന്നു. | ചക്കിട്ടപ്പാറ |
| ജനകീയമുക്ക് മണപ്പുറം KR-08-42 | 2.100 | 203.27 | G2 നടന്നു വരുന്നു. | മേപ്പയ്യൂർ |
| പുളപ്പറ്റ പൂതേരിപ്പാറ KR-08-39 | 0.910 | 88.36 | G3 ചെയ്യാൻ പോകുന്നു. | അരിക്കുളം |
| കോരപ്ര വടക്കുമുറി സൗത്ത് KR-08-57 | 2.300 | 234.58 | ഫോർമേഷൻ പ്രവൃത്തി പൂർത്തിയാകാൻ പോകുന്നു. | തുറയൂർ |
| പാലേരി മഞ്ഞോറത്താഴ KR-08-49 | 1.760 | 164.39 | G2 നടന്നുവരുന്നു. | ചങ്ങരോത്ത് |